പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 770. 20.03.2013-ൽ മറുപടിയ്ക്ക്

**കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ ദാസൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | കൊയിലാണ്ടി മണ്ഡലത്തിലെ പ്രധാന ആരോഗ്യ സ്ഥാപനമായ കൊയിലാണ്ടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിലെ ഒഴിവുള്ള ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ്, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ഹോസ്പിറ്റൽ അറ്റന്റന്റ് എന്നീ തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും | കൊയിലാണ്ടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിലെ ഡോക്ടർമാരുടെ അനുവദനീയമായ തസ്തികകളിൽ മുഴുവൻ ഡോക്ടർമാരെയും നിയമിച്ചിട്ടുണ്ട്. നിലവിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഒന്നും ഇല്ല.<br>കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ടി ഒഴിവ് പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ബ്ലഡ് ബാങ്ക് ടെക്നീഷ്യനെ നിയമിക്കുന്നതാണ്. ആശുപത്രി അറ്റന്റന്റ് തസ്തിക 21 എണ്ണമാണ് അനുവദിച്ചിട്ടുള്ളത്.21 തസ്തികയിലും ജീവനക്കാർ നിലവിലുണ്ട്. പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്തിട്ടുള്ള ഒരു ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ തസ്തിക നിയമന ശുപാർശ ലഭിച്ചാലുടൻ നികത്തുന്നതാണ്. |
| ബി) | താലൂക്ക് ആശുപത്രിയിലെ ഈ ഒഴിവുകളിൽ നിയമനം നടത്തി ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | | |
| സി) | താലൂക്ക് ഗവൺമെന്റ് ആശുപത്രിയിലെ ജീവനക്കാരില്ലാത്ത ബുദ്ധിമുട്ടുകളും മറ്റ് പ്രയാസങ്ങളും സംബന്ധിച്ച് നേരിൽ കണ്ട് നടപടികൾക്ക് ഒരു ഉന്നതതല സംഘത്തെ ആശുപത്രിയിലേയ്ക്ക് നിയോഗിക്കാൻ നടപടികൾ സ്വീകരിക്കുമോ: | സി) | താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ ഒരു ഒഴിവ് മാത്രമാണുള്ളത്. മറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിലെല്ലാം ജീവനക്കാർ നിലവിലുണ്ട്. ആയതിനാൽ ഒരു ഉന്നതതല സംഘത്തെ പ്രത്യേകമായി നിയമിക്കേണ്ട ആവശ്യകത ഉള്ളതായി കാണുന്നില്ല. |

| | | | |
|---|---|---|---|
| ഡി) | ഇവിടെ ട്രോമാകെയർ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി കൂടി വ്യക്തമാക്കാമോ? | ഡി) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം സജ്ജമാക്കുന്നതിന് 15 ലക്ഷം രൂപയുടെ മരാമത്ത് പണികൾക്കും 5 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടിയുള്ള ഭരണാനുമതി സ.ഉ.(സാ) നം. 2690/2012/ആ.കു.വ തീയതി 13.08.2012 പ്രകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭിച്ച 20 ലക്ഷം രൂപ സർക്കാർ ഉത്തരവ് നമ്പർ 708/2013/ആ.കുവ തീയതി 02.03.2013 പ്രകാരം, തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി എൻ. ആർ. എച്ച്. എമ്മിലെ അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ